# സെന്റ് പീറ്റേഴ്സ് എൽ.പി.സ്കൂൾ കുമ്പളങ്ങി

## ഉള്ളടക്കം


1. ആമുഖം
2. ചരിത്രം
3. സമകാലികം
4. നേട്ടങ്ങൾ
5. പാഠ്യേതര പ്രവർത്തനങ്ങൾ
6. വിവിധ ദിനാചരണങ്ങൾ
7. ബോധവൽക്കരണ ക്ലാസ്സുകൾ
8. പി.ടി.എ. വാർഷിക പൊതുയോഗം
9. മറ്റു പ്രവർത്തനങ്ങൾ
10. വഴികാട്ടി


Scanned by CamScanner

# സെന്റ് പീറ്റേഴ്സ് എൽ.പി.എസ്. കുമ്പളങ്ങി

| | | |
|---|---|---|
| സ്ഥാപിതം | : | 1899 |
| സ്കൂൾ കോഡ് | : | 26324 |
| സ്ഥലം | : | കുമ്പളങ്ങി |
| സ്കൂൾ വിലാസം | : | കുമ്പളങ്ങി.പി.ഒ., എറണാകുളം |
| പിൻകോഡ് | : | 682007 |
| സ്കൂൾ ഫോൺ | : | 0484–2241063 |
| സ്കൂൾ ഇ–മെയിൽ | : | *stpeterslpskumbalangi@gmail.com* |
| സ്കൂൾ വെബ്സൈറ്റ് | : | |
| വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| ഉപജില്ല | : | മട്ടാഞ്ചേരി |
| ഭരണ വിഭാഗം | : | സർക്കാർ |

Scanned by CamScanner

## ആമുഖം

കുമ്പളങ്ങി പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമെന്ന നിലയിലും നിലവാരം പുലർത്തുന്ന വിദ്യാലയമെന്ന നിലയിലും സെന്റ്.പീറ്റേഴ്സ് എൽ.പി.സ്കൂളിന് ഏറെ പ്രാധാന്യമുണ്ട്. കുമ്പളങ്ങി പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും നിന്നുമുള്ള കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. കൂടാതെ എഴുപുന്ന, കണ്ടക്കടവ്, പെരുമ്പടപ്പ് മേഖലകളിൽ നിന്നും നിരവധി കുട്ടികൾ വിദ്യാഭ്യാസത്തിന് ഇവിടെ എത്തിച്ചേരുന്നു.

കുമ്പളങ്ങി ഗ്രാമത്തെ വിദ്യാഭ്യാസപരമായി ഉന്നത ശ്രേണിയിലെത്തിക്കുന്നതിൽ സെന്റ് പീറ്റേഴ്സ് എൽ.പി. സ്കൂൾ വഹിച്ച പങ്ക് നിസ്തുലമാണ്. വിദ്യാഭ്യാസപരമായി വളരെ ബുദ്ധിമുട്ട് ഉണ്ടായിരുന്ന അക്കാലത്ത് ഈ പ്രദേശത്തിന് ചുറ്റുമുള്ള കുട്ടികൾ കുമ്പളങ്ങിയിലുണ്ടായിരുന്ന ഏക സ്കൂളായ സെന്റ് പീറ്റേഴ്സ് എൽ.പി. സ്കൂളിനെയാണ് ആശ്രയിച്ചു പോന്നത്.

| | | | |
|---|---|---|---|
| സ്കൂൾ വിഭാഗം | : | എയ്ഡഡ് വിദ്യാലയം | |
| പഠന വിഭാഗങ്ങൾ | : | പ്രീ–പ്രൈമറി,എൽ.പി. | |
| മാധ്യമം | : | മലയാളം,ഇംഗ്ലീഷ് | |
| | | **പ്രീ–പ്രൈമറി** | **എൽ.പി** |
| ആൺകുട്ടികളുടെ എണ്ണം | : | 53 | 162 |
| പെൺകുട്ടികളുടെ എണ്ണം | : | 46 | 157 |
| വിദ്യാർത്ഥികളുടെ എണ്ണം | : | 99 | 319 |
| അധ്യാപകരുടെ എണ്ണം | : | 4 | 12 |
| അനധ്യാപകരുടെ എണ്ണം | : | 1 | |
| പ്രധാന അധ്യാപിക | : | ശ്രീമതി. ജാൻസി പി.മാത്യു | |
| പിടി.എ. പ്രസിഡന്റ് | : | ശ്രീ. പി.എ.പീറ്റർ | |

Scanned by CamScanner

## പ്രോജക്ടുകൾ

- കാരുണ്യസ്പർശം
- ജൈവ പച്ചക്കറികൃഷി
- പ്ലാസ്റ്റിക് രഹിത വിദ്യാലയം
- വിദ്യാപോഷണം - പോഷക സമൃദ്ധം (സഹായം)
- അക്ഷര ദീപം(സഹായം)
- ദിനപ്പത്രം(സഹായം)

## ചരിത്രം

എ.ഡി. 1899-ൽ വിദ്യാലയം നിലവിൽ വന്നു. അന്നത്തെ കൊച്ചി രൂപത ബിഷപ്പ് റൈവ. ഡോ: മാതിയാസ് ഒലിവറോ സേവ്യർ സ്കൂൾ ഉദ്ഘാടനം ചെയ്തു. 21-09-1906 ലാണ് വിദ്യാലയത്തിന് ഔദ്യോഗിക അംഗീകാരം ലഭിച്ചത്. അംഗീകാരം ലഭിച്ചതിനു ശേഷം പ്രഥമ ഹെഡ്മാസ്റ്ററായി ചാർജെടുത്തത് ശ്രീ.പി.ഐ. രവി കൈമൾ മാസ്റ്ററാണ്. തുടർന്ന് മുൻ കേരള സ്പീക്കറായിരുന്ന ശ്രീ. അലക്സാണ്ടർ പറമ്പിത്തറ ചാർജെടുക്കുകയും ചെയ്തു. 1921-ൽ സ്ഥാപിതമായ ക്രിസ്തീയാഭ്യുന്നതി സമാജം മുൻകൈ എടുത്താണ് ഈ വിദ്യാലയത്തെ ഹൈസ്ക്കൂളായി ഉയർത്തിയത്. പള്ളി മാനേജ്മെന്റിന്റെ കീഴിലാണ് വിദ്യാലയം പ്രവർത്തിച്ചു പോന്നത്.

കലാകായിക രാഷ്ട്രീയ അക്കാദമീയ മേഖലകളിൽ നിരവധി പേരെ രൂപപ്പെടുത്തിയ സ്ക്കൂൾ 1982-ൽ ബിഷപ്പ് റൈറ്റ് റവ:ഡോ:ജോസഫ് കുരീത്തറ തിരുമേനിയുടെ കാലത്ത് കൊച്ചി രൂപതയിലെ എയ്ഡഡ് സ്കൂളുകളിൽ സംയോജിപ്പിച്ച് കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഉണ്ടാക്കിയപ്പോൾ അതിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചു. 2002 മുതൽ പ്രീപ്രൈമറി വിഭാഗം പ്രവർത്തനം ആരംഭിച്ചു. പുരാതന കാലം മുതലെ വിദ്യാഭ്യാസ രംഗത്ത് മികവു പുലർത്തിയിരുന്ന സെന്റ്.പീറ്റേഴ്സ് എൽ.പി.സ്ക്കൂൾ ഇന്നും നേട്ടങ്ങൾ കൊയ്ത് മുന്നേറുന്നു. 2006-ൽ മാതൃകാടൂറിസം ഗ്രാമമായി ലോകമാപ്പിൽ തന്നെ ഇടം നേടിയ കുമ്പളങ്ങിയുടെ തിലകക്കുറിയായി സെന്റ് പീറ്റേഴ്സ് എൽ.പി.സ്കൂൾ നിലകൊള്ളുന്നുവെന്ന് അഭിമാനത്തോടെ രേഖപ്പെടുത്തട്ടെ.

Scanned by CamScanner

**സമകാലികം**

എൽ.പി.സ്കൂളിൽ 12 ഡിവിഷനുകളിലായി 162 ആൺകുട്ടികളും 157 പെൺകുട്ടികളുമായി ആകെ 319 വിദ്യാർത്ഥികളും പ്രീ–പ്രൈമറിയിൽ 53 ആൺകുട്ടികളും 46 പെൺകുട്ടികളുമായി ആകെ 99 വിദ്യാർത്ഥികളും ഈ സ്കൂളിൽ അധ്യയനം നടത്തുന്നു. എൽ.പി.യിൽ 12 അധ്യാപകരും പ്രീ–പ്രൈമറിയിൽ 4 അധ്യാപകരും 2 അനധ്യാപകരും ജോലി ചെയ്യുന്ന സ്ഥാപനം തികഞ്ഞ അച്ചടക്കത്തോടെയും സേവന തൽപരതയോടെയും മുന്നേറിക്കൊണ്ടിരിക്കുന്നു. 2017–ൽ എത്തി നിൽക്കുമ്പോൾ പ്രൊഫ: കെ.വി.തോമസ് ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ് എന്ന് അഭിമാനത്തോടെ സൂചിപ്പിച്ചുകൊണ്ട് ഇതു സമർപ്പിക്കുന്നു.

**നേട്ടങ്ങൾ**

വിദ്യാരംഗം, കലാ സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ കലാപരവും സർഗപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നു. സ്കൂൾ ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവർത്തി പരിചയ മേളകൾ സ്കൂൾ തലത്തിൽ സംഘടിപ്പിച്ച് അർഹരായ കുട്ടികളെ സബ്ജില്ലാ തലത്തിലും ജില്ലാ തലത്തിലും പങ്കെടുപ്പിക്കുന്നു. യുവജനോത്സവം കായിക മത്സരങ്ങൾ എന്നിവ നടത്തി അർഹരായവരെ ഉയർന്ന തലങ്ങളിൽ മത്സരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**L.S.S. EXAMINATION 2015-2016**

എൽ.എസ്.എസ്. സ്കോളർഷിപ്പ് നേടി മട്ടാഞ്ചേരി സബ്ജില്ലയിലെ ഏക വിജയിയായി.

Scanned by CamScanner

**ജില്ലാതല മത്സരങ്ങൾ**

സാമൂഹ്യ ശാസ്ത്ര ക്വിസ് ഒന്നാം സ്ഥാനം

പ്രവർത്തി പരിചയ മേള

Metal Engraving - ഒന്നാം സ്ഥാനം

**സബ്ജില്ല തലം**

ഗണിതശാസ്ത്ര ക്വിസ്–രണ്ടാം സ്ഥാനം

❖ സാമൂഹ്യ ശാസ്ത്രമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി.

അക്ഷരമുറ്റം ക്വിസ്–രണ്ടാം സ്ഥാനം

Scanned by CamScanner

മട്ടാഞ്ചേരി സബ്ജില്ല സ്പോർട്സ് മീറ്റ്
2016–17 ഓവറോൾ ചാമ്പ്യൻഷിപ്പ്

- യുറീക്ക ടെസ്റ്റ്–പഞ്ചായത്ത് തലത്തിൽ അൽഫീന കെ.ജെ. 'എ' ഗ്രേഡ് കരസ്ഥമാക്കി.

അഡീന ഫിലോമിന സ്കൂൾ കലോത്സവത്തിൽ
മോണോ ആക്ടിൽ ഒന്നാം സ്ഥാനം നേടി.

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഡയോസിസ് ഓഫ് കൊച്ചി സംഘടിപ്പിച്ച മത്സരങ്ങൾ

**കിഡ്സ് ട്രാക്ക് 2016–17**

യു.കെ.ജി. –ഒന്നാം സ്ഥാനം ഓവർ ഓൾ ചാമ്പ്യൻഷിപ്പ്

എൽ.കെ.ജി.–രണ്ടാം സ്ഥാനം

Scanned by CamScanner

ടാലന്റ് ടെസ്റ്റിൽ തുടർച്ചയായി 9-ാം വർഷവും 32 പോയിന്റോടുകൂടി സെന്റ് പീറ്റേഴ്സ് എൽ.പി.എസ്. ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

**പാഠ്യേതര പ്രവർത്തനങ്ങൾ**

- പരിസ്ഥിതി ക്ലബ്
- വിദ്യാരംഗം
- ഹെൽത്ത് ക്ലബ്
- സ്പോർട്സ് ക്ലബ്
- പഠനയാത്ര

**വിവിധ ദിനാചരണങ്ങൾ**

ദിനാചരണങ്ങൾ അതിന്റെ പ്രാധാന്യത്തോടെ ആചരിക്കാറുണ്ട്. ദിനാചരണങ്ങളോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി വിവിധയിനം മത്സരങ്ങളും മറ്റു പരിപാടികളും സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.

Scanned by CamScanner

## പിടി.എ. വാർഷിക പൊതുയോഗവും ബോധ വൽക്കരണ ക്ലാസും

2016–17 ലെ വാർഷിക പൊതുയോഗം ബഹു: പി.ടി.എ. പ്രസിഡന്റ് ശ്രീ.പി.എ.പീറ്ററിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടയി. അന്നേദിനം രക്ഷകർത്താക്കൾക്കായി കുട്ടികളുടെ 'സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ഫാ.സിബിച്ചൻ ചെറുതീയിൽ നയിച്ച ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുകയുണ്ടായി.

## മറ്റു പ്രവർത്തനങ്ങൾ

### പ്രോജക്ടുകൾ

**ജൈവപച്ചക്കറി കൃഷി**

കാരുണ്യ സ്പർശം:– ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ കുടുംബത്തിനായുള്ള ചികിത്സാ സഹായനിധി വാർഡ് മെമ്പർ ശ്രീ. തോമസ് ആന്റണി ഉദ്ഘാടനം ചെയ്തു.

Scanned by CamScanner

**അക്ഷരദീപം**

കൊച്ചി നിയോജകമണ്ഡലത്തിലെ സർക്കാർ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുരോഗതിക്കായി കൊച്ചി എം.എൽ.എ. കെ.ജെ. മാക്സി സംഘടിപ്പിച്ച പദ്ധതി.

**ദിനപ്പത്രം**

അധ്യാപകർ കുട്ടികൾക്കായി മലയാള മനോരമ, മാതൃഭൂമി, ദീപിക തുടങ്ങിയ ദിനപ്പത്രങ്ങൾ സ്പോൺസർ ചെയ്തു.

**വിദ്യാപോഷണം-പോഷക സമൃദ്ധം**

എറണാകുളം ജില്ലയിലെ വിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിനായി ബഹു. എം.പി. ശ്രീ. കെ.വി.തോമസ് ആവിഷ്ക്കരിച്ച പദ്ധതി.

Scanned by CamScanner